# 5,000 ഏക്കർ തിരിച്ചു പിടിച്ച ഉദ്യോഗസ്ഥനെ കുടുക്കാൻ നീക്കം

**ടി.വി ചന്ദ്രശേഖരൻ**

പാലക്കാട്: നെല്ലിയാമ്പതിയിൽ സ്വകാര്യ തോട്ടം ലോബിയിൽ നിന്ന് അയ്യായിരത്തിലധികം ഏക്കർ വനഭൂമി സർക്കാരിന് വേണ്ടി തിരിച്ചു പിടിച്ച വനം വകുപ്പ് ഉദ്യോഗസ്ഥനെ ബലിയാടാക്കാൻ വകുപ്പ് കൈയാളുന്ന സിപിഐയിലെ ഒരു വിഭാഗത്തിന്റെ അറിവോടെ നീക്കം. നിരന്തര നിയമ പോരാട്ടങ്ങൾ വഴി എസ്റ്റേറ്റ് ഉടമകളുടെ കണ്ണിലെ കരടായി മാറിയ ഈ ഉദ്യോഗസ്ഥനെ സംരക്ഷിക്കുന്നതിനെച്ചൊല്ലി വനം മന്ത്രിക്കെതിരെയും പടയൊരുക്കം നടക്കുന്നുണ്ട്.

പാട്ടക്കാലാവധി കഴിഞ്ഞ നെല്ലിയാമ്പതിയിലെ 11 എസ്റ്റേറ്റുകൾ തിരിച്ചു പിടിക്കുന്നത് സംബന്ധിച്ച് സർക്കാരിന് റിപ്പോർട്ട് നൽകുകയും പാട്ടവ്യവസ്ഥയിലല്ലാതെ കൈവശം വച്ചിരുന്ന ഒമ്പത് എസ്റ്റേറ്റുകൾ വനം വകുപ്പിന്റെ അധീനതയിലാക്കുകയും ചെയ്ത നെൻമാറ ഡിവിഷൻ ഫോറസ്റ്റ് ഓഫീസർ കോഴിക്കോട് സ്വദേശി കെ. ധനേഷ്കുമാറിനെതിരെയാണ് നീക്കങ്ങൾ. ഔദ്യോഗിക യോഗങ്ങളിൽ ഇയാളെ പങ്കെടുപ്പിക്കുന്നതിലുള്ള നീരസം സി. പി.ഐ ഭാരവാഹിയായ ഒരു നേതാവ് തന്നെ ഉന്നത ഉദ്യോഗസ്ഥനെ ഫോണിലൂടെ അറിയിച്ചതായാണ് വിവരം. ഡി.എഫ്.ഒ ചന്ദന ക്കള്ളക്കടത്തിന്റെ ഈറ്റില്ലമായ മറയൂരിൽ റെയ്ഞ്ച് ഓഫീസറായിരുന്ന ധനേഷ്കുമാർ രണ്ടര വർഷം മുമ്പാണ് നെല്ലിയാമ്പതിയുടെ ചുമതലയുള്ള ഡിഎഫ്.ഒ ആയി ചുമതലയേറ്റത്. 530 ഏക്കർ വരുന്ന ഒരവമ്പാടി, നൂറേക്കർ വിസ്തീർണമുള്ള പ്രിയങ്ക, 268 ഏക്കർ വരുന്ന ജമിനി, ആകെ 828 ഏക്കറോളം വരുന്ന മിന്നാമ്പാറ, ഗോൾഡവൻവാലി, ശക്തി, ഗണേഷ് തുടങ്ങിയ എസ്റ്റേറ്റുകൾ സർക്കാർ അധീനതയിലാക്കാനുള്ള ശ്രമങ്ങൾ തുടങ്ങിയതു മുതൽ ചരടുവലികൾ ആരംഭിച്ചിരുന്നു. വിവിധ കോടതികളിൽ കേസുകൾ നിലവിലുണ്ടെങ്കിലും ഈ എസ്റ്റേറ്റുകളുടെ കൈവശാവകാശം ഇപ്പോൾ വനംവകുപ്പിൽ നിക്ഷിപ്തമാണ്. ഇതിനു പുറമെയാണ് പാട്ടക്കാലാവധി കഴിഞ്ഞ എസ്റ്റേറ്റുകൾ തിരിച്ചു പിടിച്ചു കൊണ്ടുള്ള നടപടികൾ.

ഡിവിഷൻ പരിധിയിലെ 16 കരിങ്കൽ ക്വാറികളും ഈ കാലയളവിൽ അടച്ചു പൂട്ടിക്കഴിഞ്ഞു. ക്വാറികളുടെയും എസ്റ്റേറ്റ് ഉടമകളുടെയും പ്രതിനിധികളുടേയും അറിവോടെ ജനുവരി മൂന്നിന് നെല്ലിയാമ്പതിയിൽ അരങ്ങേറിയ ഹർത്താലുമായി ബന്ധപ്പെട്ട് ഫോറസ്റ്റ് ഓഫീസിനു മുന്നിൽ നടന്ന ധർണയിൽ ഒരു സി. പി.ഐ നേതാവ് ഡിഎഫ്.ഒയെ 24 മണിക്കൂറിനകം സ്ഥലം മാറ്റുമെന്ന് ഭീഷണി മുഴക്കിയിരുന്നു. ഔദ്യോഗിക യോഗങ്ങളിൽ ഈ ഉദ്യോഗസ്ഥനെ പങ്കെടുപ്പിക്കുന്നതിൽ അമർഷം പ്രകടിപ്പിച്ചു കൊണ്ടുള്ള സന്ദേശം ഒലവക്കോടുള്ള ഉന്നത ഉദ്യോഗസ്ഥന് അടുത്ത ദിവസങ്ങളിൽ ലഭിക്കുകയും ചെയ്തു.

ജനങ്ങൾക്കിടയിൽ ഡിഎഫ്ഒക്കുള്ള നല്ല പ്രതിച്ഛായക്ക് പുറമെ വകുപ്പ് മന്ത്രി ബിനോയ് വിശ്വത്തിന്റെ നിലപാടും എസ്റ്റേറ്റ് ലോബിയുടെ അറിവോടെയുള്ള നീക്കങ്ങൾക്ക് പ്രതിബന്ധമാണ്. ചട്ടപ്രകാരമുള്ള നടപടികളാണ് നെല്ലിയാമ്പതിയിൽ ഉണ്ടായിട്ടുള്ളതെന്നും ഇതുമൂലം സർക്കാരിന് പ്രയോജനമാണ് ലഭിച്ചിട്ടുള്ളതെന്നും മന്ത്രി പാർട്ടിയുടെ നേതാക്കളെ അറിയിച്ചിട്ടുണ്ടത്രെ. വനം മാഫിയയുടെ ഭീഷണിയെ തുടർന്ന് ഹൈക്കോടതി ഉത്തരവ് പ്രകാരം നേരത്തെ പോലീസ് സംരക്ഷണത്തിൽ കഴിഞ്ഞിട്ടുള്ള ഡിഎഫ്.ഒ ഇപ്പോഴും വിവിധ കേസുകളിൽ സർക്കാരിന് വേണ്ടി നിയമപോരാട്ടം തുടരുകയാണ്. വനം മന്ത്രിയുടെ പാർട്ടി തന്നെ എതിർ പാളയത്തിൽ ചേക്കേറിയാൽ നീണ്ട അവധിയിൽ പ്രവേശിക്കാനുള്ള ഉപദേശവും ഉദ്യോഗസ്ഥനു ലഭിച്ചിട്ടുണ്ടത്രെ.

**നെല്ലിയാമ്പതി ഭീഷണിയിൽ**

കേരളിത്തിന്റെ വനമേഖലകൾ പലതരത്തിലുള്ള പ്രതിസന്ധികൾ നേരിട്ടുകൊണ്ടിരിക്കുകയാണ്. അതീവ സംരക്ഷണ പ്രാധാന്യമുള്ള അപൂർവ്വ ജൈവവൈവിധ്യ മേഖലയായ നെല്ലിയാമ്പതി മലനിരകളും ഭീഷണി നേരിടുന്നു. വനമേഖലകളിലും തോട്ടങ്ങളിലും ക്വാറികളാവാം എന്ന ഉത്തരവും വനംവകുപ്പ് തിരിച്ചെടുത്ത തോട്ടങ്ങൾ ഉടമകൾക്ക് തിരിച്ചുകൊടുക്കാനുള്ള ശ്രമവും ഇക്കോ-ടൂറിസം പ്രവർത്തനങ്ങളും ജന്തുസസ്യവൈവിധ്യത്തിന് കനത്ത ആഘാതമേൽപ്പിക്കുന്നു. വനംവകുപ്പ് ഉദ്യോഗസ്ഥരെ തെരഞ്ഞുപിടിച്ച് വേട്ടയാടുന്ന പ്രവണതയും നിലനിൽക്കുന്നുണ്ട്. ഇക്കാര്യത്തിൽ താങ്കളുടെ പിന്തുണ തേടുന്നു. ബന്ധങ്ങൾക്ക്: 9349943941, 9447700321

dailies | magazines | text books | posters | calendars
diaries | leaflets | brochures

വിസിറ്റിംഗ് കാർഡ്... മുതൽ
ദിനപത്രം... വരെ




Viani Printings
P.B. No. 1916, Lisie Hosp. Rd.,
Ernakulam, Kochi-682 018
Fax: 0484-2401815
Tel: 0484-2401635, 2402548
vianipapers@yahoo.com